# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വയലാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P.2/1122/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 31/10/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വയലാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വയലാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വയലാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P.2/1122/2022 തീയ്യതി: 31/10/2022

## ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 07-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 08-08-2022 | 23-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-08-2022 | 23-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജയകൃഷ്ണ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജാകിലിൻ.പി.ഡബ്ലിയു, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കവിത ഷാജി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ലത.എ.മേനോൻ | സെക്രട്ടറി | 01-04-2021 | 25-11-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ഷിജി രാജൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-11-2021 | 04-12-2021 |
| ശ്രീമതി.ലത.എ.മേനോൻ | സെക്രട്ടറി | 05-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബീർ.ബി | കൃഷി ഓഫീസർ | 15-07-2021 | 22-02-2022 |
| ശ്രീ.അഖിൽ രാജ് | കൃഷി ഓഫീസർ | 23-02-2022 | 31-03-2022 |
| ശ്രീമതി. സിന്ധു ജിങ്ക ചാക്കോ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലീന ഡെന്നീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ.ഹരികുമാർ.എം.എൻ | എച്ച്.എം, ഗവ.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. മായാദേവി.പി.ആർ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ആഷ.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 20-07-2021 |
| ശ്രീ.വിനീത്.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-07-2021 | 31-03-2022 |
| ശ്രീമതി. ഷിജി രാജൻ.ടി.ആർ | അസി.സെക്രട്ടറി | 13-04-2021 | 31-03-2022 |
| ശ്രീമതി.സുചിത്ര.ബി.ഷേണായി | കൃഷി ഓഫീസർ | 01-04-2021 | 14-07-2021 |
| ഡോ.സൂര്യമോൾ പങ്കജാക്ഷൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്,സി) | 01-04-2021 | 30-04-2021 |
| ഡോ.ജിൻസാ മാത്യൂ | മെഡിക്കൽ ഓഫീസർ(പി.എച്ച്,സി) | 01-05-2021 | 16-01-2022 |
| ഡോ.അഞ്ജലി.ബി | മെഡിക്കൽ ഓഫീസർ(പി.എച്ച്,സി) | 17-01-2021 | 31-03-2022 |
| ഡോ.ശ്രീദേവി.ജി.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.ജോസഫ്.ടി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(വയലാർ) | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീറ്റി വർഗീസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഒളതല) | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 23-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 11-08-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന സംബന്ധിച്ച്<br>Written By: Jayakrishna R (Asst. Audit Officer, On 22-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 12-09-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്& പേയ്മെന്റ് പ്രകാരം)<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 10-09-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 11-08-2022) | 1-4 |
| 6 | ഫണ്ട് വിനിയോഗത്തിൽ വരുന്ന കുറവ് തുടർവർഷങ്ങളിലെ ഗ്രാന്റിനെ ബാധിക്കുന്നു<br>Written By: Jayakrishna R (Asst. Audit Officer, On 23-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-08-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 10-09-2022) | 1-5 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 12-09-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 11-08-2022) | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ റിപ്പോർട്ട്<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 12-09-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayakrishna R (Asst. Audit Officer, On 25-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 26-08-2022) | 1-9 |
| 12 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല നഷ്ടം 44,674/- രൂപ<br>Written By: Lakshmikanth P (Auditor, On 23-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 16-09-2022) | 1-10 |
| 13 | വ്യത്യസ്ത-തരം മേൽക്കൂരയുള്ള കെട്ടിടത്തിന് ചട്ട വിരുദ്ധമായി ഇളവ് അനുവദിച്ചു -വരുമാന നഷ്ടം -6891 രൂപാ.<br>Written By: Lakshmikanth P (Auditor, On 23-08-2022)<br>Last Updated By: Lakshmikanth P (Auditor, On 15-09-2022) | 1-11 |
| 14 | ലൈസൻസ് ഫീസ്,മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത് നിയമാനുസൃതമല്ല വരുമാന നഷ്ടം - 16550/-<br>Written By: Lakshmikanth P (Auditor, On 23-08-2022)<br>Last Updated By: Lakshmikanth P (Auditor, On 15-09-2022) | 1-12 |
| 15 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല<br>Written By: Lakshmikanth P (Auditor, On 23-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-10-2022) | 1-13 |
| 16 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 7500/- രൂപാ | 1-14 |

| | | |
|---|---|---|
| | വരുമാന നഷ്ടം<br>Written By: Lakshmikanth P (Auditor, On 23-08-2022)<br>Last Updated By: Lakshmikanth P (Auditor, On 15-09-2022) | |
| 17 | വാഹനത്തിന്റെ അറ്റകുറ്റപ്പണി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Lakshmikanth P (Auditor, On 23-08-2022)<br>Last Updated By: Lakshmikanth P (Auditor, On 12-09-2022) | 1-15 |
| 18 | പത്രപരസ്യം -ട്രേഡ് ഡിസ്കൗണ്ട് നേടിയില്ല - അധികം തുക അനുവദിച്ചു<br>Written By: Lakshmikanth P (Auditor, On 23-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 12-09-2022) | 1-16 |
| 19 | പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ് സ്സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 21-08-2022)<br>Last Updated By: Lakshmikanth P (Auditor, On 31-08-2022) | 1-17 |
| 20 | കാലിതീറ്റ വിതരണം പദ്ധതി പൂർത്തികരിച്ചില്ല ,തുക തടസ്സപ്പെടുത്തുന്നു<br>Written By: Jaquiline P.W (Senior Grade Auditor, On 21-08-2022)<br>Last Updated By: Lakshmikanth P (Auditor, On 31-08-2022) | 1-18 |
| 21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയായില്ല.<br>Written By: Jaquiline P.W (Senior Grade Auditor, On 23-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-10-2022) | 1-19 |
| 22 | ആർദ്രം പദ്ധതി - അനുബന്ധ സൌകര്യമൊരുക്കൽ - നടപടി ക്രമങ്ങളിലെ അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 21-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 12-09-2022) | 1-20 |
| 23 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: Jayakrishna R (Asst. Audit Officer, On 23-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 10-09-2022) | 1-21 |
| 24 | അടുക്കളത്തോട്ടം പച്ചക്കറി വിത്ത് വിതരണം അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 21-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 12-09-2022) | 1-22 |
| 25 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block പാകുന്നതിനായി അധിക നിരക്ക് നൽകിവരുന്നു<br>Written By: Jaquiline P.W (Senior Grade Auditor, On 21-08-2022)<br>Last Updated By: Lakshmikanth P (Auditor, On 31-08-2022) | 1-23 |
| 26 | മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച്<br>Written By: Jaquiline P.W (Senior Grade Auditor, On 21-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-10-2022) | 1-24 |
| 27 | ഹോംകോ-യിൽ നിന്ന് മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നത്<br>Written By: Jayakrishna R (Asst. Audit Officer, On 23-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 12-09-2022) | 1-25 |
| 28 | ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Jayakrishna R (Asst. Audit Officer, On 23-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 12-09-2022) | 1-26 |
| 29 | പൊതുമരാമത്ത് പ്രവർത്തികൾ പൊതു അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 22-08-2022)<br>Last Updated By: Lakshmikanth P (Auditor, On 31-08-2022) | 1-27 |
| | ഭാഗം **2** | |
| 1 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല നഷ്ടം 44,674/- രൂപ<br>Written By: Lakshmikanth P (Auditor, On 26-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 16-09-2022) | 2-1 |
| 2 | വ്യത്യസ്ത തരം മേൽക്കൂരയുള്ള കെട്ടിടത്തിന് ചട്ട വിരുദ്ധമായി ഇളവ് അനുവദിച്ചു -വരുമാന നഷ്ടം -6891 രൂപാ.<br>Written By: Lakshmikanth P (Auditor, On 26-08-2022)<br>Last Updated By: Lakshmikanth P (Auditor, On 15-09-2022) | 2-2 |

| | | |
|---|---|---|
| 3 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല വരുമാന നഷ്ടം 7500<br>Written By: Lakshmikanth P (Auditor, On 26-08-2022)<br>Last Updated By: Lakshmikanth P (Auditor, On 15-09-2022) | 2-3 |
| 4 | ലൈസൻസ് ഫീസ്,മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല -വരുമാന നഷ്ടം-16550/-രൂപാ.<br>Written By: Lakshmikanth P (Auditor, On 26-08-2022)<br>Last Updated By: Lakshmikanth P (Auditor, On 15-09-2022) | 2-4 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 19-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 12-09-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 11-08-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 11-08-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 11-08-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 11-08-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 11-08-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 11-08-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 11-08-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 11-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-10-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayakrishna R (Asst. Audit Officer, On 17-08-2022)<br>Last Updated By: Jayakrishna R (Asst. Audit Officer, On 19-08-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 11/02/2021 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 340570619 | 338147615 |
| വാർഷിക കണക്ക് പ്രകാരം | 167859970 | 174448625 |

ബജറ്റ് 18.03.2022ലെ 2-1തീരുമാനപ്രകാരം പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യ പത്രിക യഥാസമയം (05.05.2022ൽ) ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക കണക്ക് പരിശോധന സംബന്ധിച്ച്

വാർഷിക കണക്ക് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സുലേഖ സോഫ്റ്റ്വെയറിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടില്ല എന്നാണ് ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2)ബാലൻസ് ഷീറ്റിലെ ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിലേക്ക് ആസ്തി രജിസ്റ്റർ മൂല്യം ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കപ്പെട്ടിട്ടില്ല. ഇതിനുള്ള നടപടികൾക്ക് അസി.എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതായി അറിയിച്ചു.
3)ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്& അൺടൈഡ്), തൊഴിലുറപ്പ് പദ്ധതി ചെലവ് എന്നിവയുടെ കണക്കുകൾ എ.സി.ആർ, എം.ഐ.എസ് സ്റ്റേറ്റ്മെന്റ് എന്നിവയുമായി വ്യത്യാസം ഉണ്ട് (ശരിയായ കണക്കുകളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നത്)

4)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011 റൂൾ 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2020-21 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി)മുൻവർഷത്തെ താരതമ്യ തുകകൾ

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ്& പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21578628 |
| വരവ് | 61117594 |
| ആകെ | 82696222 |
| ചെലവ് | 64219800 |
| നീക്കിയിരിപ്പ് | 18476422 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | വരവ് | എസ് ഡി | പ്രോജക് ചെലവ് | ആകെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 9816859 | 4653141 | 9816859 | 14470000 | 0 |
| വികസനഫണ്ട് എസ്.സി പി | 5803900 | 445659 | 4789341 | 5235000 | 568900 |
| വികസനഫണ്ട് ടി എസ് പി | 121874 | 0 | 105000 | 105000 | 16874 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 1954378 | 0 | 1819464 | 1819464 | 134914 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 7540007 | 0 | 4741777 | 4741777 | 2798230 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 4395303 | 0 | 3640212 | 3640212 | 755091 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 9839360 | 0 | 2491042 | 2491042 | 7348318 |

## 1-4-1 ഫണ്ട് വിനിയോഗത്തിൽ വരുന്ന കുറവ് തുടർവർഷങ്ങളിലെ ഗ്രാന്റിനെ ബാധിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ സുലേഖയിൽ നിന്നുള്ള ചെലവ് കണക്കുകൾ പ്രകാരം പദ്ധതിച്ചെലവുകൾക്കുള്ള ആകെ വകയിരുത്തിയിരുത്തൽ 116665596/- രൂപയായിരുന്നു. വിവിധയിനം ഗ്രാന്റുകൾ, ജില്ലാ, ബ്ലോക്ക് വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ളവ ഉൾപ്പെടെയായിരുന്നു ടി തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ തൻവർഷത്തെ ആകെ ചെലവ് 49308797/- രൂപ മാത്രമാണ്. വകയിരുത്തിയിരുന്ന തുകയുടെ ലഭ്യത ഉറപ്പുവരുത്താതെ തുക വകയിരുത്തുന്നത് മൂലവും, ലഭ്യമായ ഗ്രാന്റുകൾ യഥാസമയം വിനിയോഗിക്കപ്പെടാത്തത് മൂലവുമാണ് ഇപ്രകാരം ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളത്.

ഭൂരിപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിലും ഗണ്യമായ കുറവാണ് തൻ വർഷം ഉണ്ടായിട്ടുള്ളതെന്ന് ചുവടെ ചേർക്കുന്ന പട്ടികയിൽ കാണാം.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 5 | 1600652 | 1285019 |
| വെറ്റി.സർജൻ | 5 | 4 | 1557000 | 589500 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 8 | 7 | 4314000 | 2547985 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 2 | 1 | 200000 | 79992 |
| വി.ഇ.ഒ-1 | 13 | 10 | 50191908 | 5122200 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 5709093 | 5170747 |
| സെക്രട്ടറി | 36 | 23 | 15308449 | 12299289 |
| എച്ച്.എം | 5 | 3 | 640100 | 498104 |
| വി.ഇ.ഒ-2 | 14 | 10 | 12745047 | 5148560 |
| അസി.എഞ്ചിനീയർ | 53 | 36 | 16946015 | 10432243 |

പദ്ധതി വിഹിതത്തിന്റെ ചെലവിൽ വരുന്ന കുറവ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന വികസനഫണ്ട് വിഹിതത്തെ

പ്രതികൂലമായി ബാധിക്കുന്നു. വികസന ഫണ്ട് വിഹിതം സംബന്ധിച്ച് വിവിധ വർഷങ്ങളിലായുള്ള വരവ് ചെലവ് വിശദാംശങ്ങൾ പരിശോധിച്ചാൽ 2019-20മുതൽ ഫണ്ട് വിഹിതത്തിൽ ക്രമാനുഗതമായ കുറവ് സംഭവിക്കുന്നതായി കാണുന്നു. വികസനഫണ്ട് ഇനങ്ങളിൽ മുൻവർഷങ്ങളിൽ ലഭിച്ച തുകകളുടെയും (സ്രോതസ്സിൽ കുറവ് ചെയ്തത് ഉൾപ്പെടെ)ചെലവ് തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | വികസനഫണ്ട് (ജനറൽ) | | വികസനഫണ്ട് (എസ്.സി.പി) | | വികസനഫണ്ട് (ടി.എസ്.പി) | |
|---|---|---|---|---|---|---|
| വർഷം | വരവ് | ചെലവ് | വരവ് | ചെലവ് | വരവ് | ചെലവ് |
| 2018-19 | 18251000 | 15874189 | 6006000 | 4655912 | 189000 | 187600 |
| 2019-20 | 18999000 | 13535856 | 7209000 | 5536988 | 191000 | 134917 |
| 2020-21 | 18726000 | 16820820 | 6806000 | 4689188 | 223748 | 190000 |
| 2021-22 | 14470000 | 14470000 | 5803900 | 5235000 | 121874 | 105000 |

ഫണ്ട് വിനിയോഗത്തിൽ വരുന്ന കുറവ് തുടർവർഷങ്ങളിലെ അലോട്മെന്റിനെ ബാധിക്കുമെന്നതിനാൽ ഫണ്ട് വിനിയോഗം പൂർണ്ണമായിരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ടി വിഷയത്തിൽ ഭരണസമിതിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

## 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 168 | 116665596 | 131 | 49308797 | 19 | 37 | 66.67 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 58776 | 948672 | 1007448 | 997496 | 9952 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 57713432 | 57713432 | 57713432 | 0 |
| ആകെ | 58776 | 58662104 | 58720880 | 58710928 | 9952 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 154080 | 85 |
| കർഷകതൊഴിലാളി പെൻഷൻ. | 1966700 | 152 |
| വിധവാ പെൻഷൻ | 10246200 | 705 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ. | 33074000 | 2967 |
| വികലാംഗ പെൻഷൻ. | 4749000 | 316 |
| അവിവാഹിത പെൻഷൻ. | 1618900 | 115 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 330000 | 11 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ റിപ്പോർട്ട്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-08-22, 3.10 Pm ന് അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3813/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ വലിയ തോതിലുള്ള വരുമാന നഷ്ടം സംഭവിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. കെട്ടിടങ്ങളുടെ ഉപയോഗമനുസരിച്ച് വസ്തുനികുതി നിശ്ചയിക്കുന്നതിൽ വന്ന വീഴ്ചയാണ് ഇതിന് കാരണം. വസ്തുനികുതി നിശ്ചയിക്കുന്നതിൽ വരുന്ന പാളിച്ചകൾ മേൽ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടാതെ പോയത് ഇതിന് ഒരു കാരണമാണ്. ഉദ്യോഗസ്ഥർ ഫീൽഡ് തലത്തിൽ പ്രവർത്തിച്ച്, വിവിധ കെട്ടിടങ്ങൾക്ക് വന്നിട്ടുള്ള കാലികമായ മാറ്റങ്ങൾ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുന്ന സംവിധാനം രൂപപ്പെടേണ്ടിയിരിക്കുന്നു. അതേ പോലെ വസ്തുനികുതിയിലുള്ള ഇളവ്, വർദ്ധനവുകൾ സൂക്ഷ്മമായി മേൽപരിശോധന ഉണ്ടാകും വിധം ഉദ്യോഗസ്ഥരുടെ ചുമതലാ വിഭജനം തയ്യാറാക്കപ്പെടേണ്ടതുണ്ട്. ആഭ്യന്തര നിയന്ത്രണത്തിലെ ഇത്തരം വീഴ്ചകളാണ് തനത് വരുമാന നഷ്ടത്തിലേക്ക് വഴിവച്ചിട്ടുള്ളതെന്ന് കാണാം(ഖണ്ഡിക 1-10, 1-11)
പ്രോജക്റ്റുകളുടെ ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിലും മോണിട്ടറിംഗിലും കാര്യക്ഷമമായ ജനകീയ ഇടപെടലുകൾ ഉണ്ടാകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളിലൂടെയാണ്. എന്നാൽ ഇപ്രകാരമൊരു ഇടപെടൽ വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുണ്ടാകുന്നില്ല. ഉദാഹരണമായി, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷം യോഗം ചേർന്ന് പ്രവർത്തിച്ചിട്ടേയില്ല. പ്രോജക്റ്റുകളുടെ മോണിട്ടറിംഗും അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണെങ്കിലും ഇതിൽ വീഴ്ചവന്നു, പ്രോജക്റ്റുകൾ മോണിറ്റർ ചെയ്യപ്പെടാതെ പോകുന്നു. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച് ആസ്തിസംരക്ഷണ നയം ഉണ്ടാകേണ്ടതുണ്ട്. ആസ്തികളുടെ മൂല്യമുൾപ്പെടെയുള്ള വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സംരക്ഷിക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തമ താല്പര്യത്തിന് അനിവാര്യമാണ്. (ഖണ്ഡിക 1-28)

## 1-10 കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല നഷ്ടം 44,674/- രൂപ

1) 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളുടെ ഭാഗമായി സ.ഉ(അ)നമ്പർ/19/2011/തസ്വഭവ,തീയതി 14-01-2011 പ്രകാരം, വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 14-01-2011 ലെ ടി വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം, കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ, ഈടാക്കാവുന്ന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 16.01.2012 ൽ പഞ്ചായത്ത് പുറപ്പെടുവിച്ച സി2-6603/11 നമ്പർ വിജ്ഞാപന പ്രകാരമാണ് നിലവിൽ പഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നത്.

വിവിധ വിഭാഗം കെട്ടിടങ്ങളുടെ കുറഞ്ഞതും കൂടിയതുമായ നിരക്കിൽ ഭേദഗതി വരുത്തി സർക്കാർ പുറപ്പെടുവിച്ച 24-02-2015 ലെ സ.ഉ(അ)നമ്പർ/36/2015/തസ്വഭവ ഉത്തരവിനനുസൃതമായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന റിസോട്ടുകളിലെ

ആയുർവേദ സുഖ ചികിൽസാ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി 16.01.2012 ലെ പഞ്ചായത്ത് വിജ്ഞാപനത്തിൽ ഭേദഗതി വരുത്തിയിട്ടില്ല. ഇത്തരം കെട്ടിടങ്ങളെ നിലവിൽ 'റിസോർട്ട് ' വിഭാഗത്തിൽ തന്നെ ഉൾപ്പെടുത്തി 90 രൂപാ നിരക്കിലുള്ള വസ്തുനികുതിയാണ് ഈടാക്കുന്നത്.

2021-22 ലെ പഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ അസസ്മെന്റ രജിസ്റ്റർ പരിശോധിച്ചതിൽ രണ്ടാം വാർഡിലെ ദ്വിതീയ മേഖലയിൽപ്പെടുന്ന 5 മീറ്ററിലധികം വഴി സൌകര്യമുള്ള, പ്ലുമേറിയ ലേക്ക് റിസോർട്ട് ആൻഡ് സ്പാ എന്ന റിസോർട്ടിലെ ആയുർവേദ സുഖ ചികിൽസാ കേന്ദ്രമായ 'ഉപാസന ആയുർവേദിക് സ്പാ' പ്രവർത്തിക്കുന്ന കെട്ടിടത്തിന് (കെട്ടിട നമ്പർ: 2/511എ) 411.11 ച.മീ തറവിസ്തീർണ്ണമാണുള്ളത്. ടി കെട്ടിടത്തിന് 16.01.2012 ൽ പഞ്ചായത്ത് പുറപ്പെടുവിച്ച സി12.6603/11 നമ്പർ വിജ്ഞാപന പ്രകാരമുള്ള റിസോർട്ടുകൾക്ക് ഇടാക്കുന്ന 90 രൂപാ നിരക്കിലുള്ള വസ്തു നികുതിയാണ് ഈടാക്കുന്നത്. 24-02-2015 ലെ സ.ഉ(അ)നമ്പർ/36/2015/തസ്വഭവ ഉത്തരവ് പ്രകാരം റിസോർട്ടുകളിലെ ആയുർവേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട വസ്തുനികുതിയുടെ കുറഞ്ഞ നിരക്ക് 150 രൂപയായും പരമാവധി നിരക്ക് 160 രൂപയായും സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം നം-20/തീ.19/08/22) തുടർന്ന് ടി കെട്ടിടത്തിന്റെ ഉപയോഗക്രമവും,തറയുടെ തരവും സ്ഥല പരിശോധന നടത്തി ലഭ്യമാക്കിയ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ തറ നിർമ്മിതി ഗ്രാനൈറ്റ് ഉപയോഗിച്ചാണ്. എന്നാൽ 411.11 ച:മീ തറ വിസ്തീർണമുള്ള ടി കെട്ടിടത്തിന്റെ സഞ്ചയ അസസ്മെന്റ രജിസ്റ്റർ പ്രകാരം , 250$m^2$ ൽ അധികം തറ വിസ്തീർണ്ണമുള്ളതും ഗ്രാനൈറ്റ് പോലെയുള്ള മേൽത്തരം വസ്തുകൾ കൊണ്ട് നിർമ്മിച്ച തറയുടെ തരമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിന്മേൽ ചട്ടപ്രകാരം ഈടാക്കേണ്ട 15 % വർദ്ധനവ് ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിർണയിച്ചത് | വസ്തുനികുതി നിർണയിക്കേണ്ടത് | നഷ്ടം |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 411.11 $M^2$ @90 = 37000.8 | 411.11 $M^2$ @150 = 61,667 | |
| മേഖല (ദ്വിതീയം) 10% ഇളവ് | (-)3700.08 | (-)6166.7 | |
| വഴി സൗകര്യത്തിനുള്ള വർദ്ധനവ് 20% | (+) 7400.16 | (+) 12333.4 | |
| തറ നിർമ്മിതി 15 % വർദ്ധനവ് | ---- | (+)9250. | |
| എയർ കണ്ടീഷനിംഗ് വർദ്ധനവ് 10% | (+) 3700.08 | (+)6166.7 | |
| നികുതി | 44402 | 83,250 | 38,848/- |
| ലൈബ്രറി സെസ് | (+)2221 | (+)4163 | 1942/- |
| സർവ്വീസ് ചാർജ്ജ് | (+)4441 | (+)8325 | 3884/- |
| ആകെ | 51,064/- | 95,738 /- | 44,674/- |

ഇത്തരത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസൃതമായി സഞ്ചയ പ്യൂരീഫിക്കേഷൻ നടത്തി അടിസ്ഥാന വസ്തു നികുതി നിരക്കിൽ മാറ്റം വരുത്താത്തതിനാലും, ഗ്രാനൈറ്റ് പോലെയുള്ള മേൽത്തരം വസ്തുകൾ കെട്ടിടങ്ങളുടെ തറ നിർമ്മിതിയ്ക്കായി ഉപയോഗിയ്ക്കുമ്പോൾ വസ്തുനികുതിയിന്മേലുള്ള 15% വർദ്ധനവ് ഈടാക്കാത്തതിനാലും ഈയിനത്തിൽ പഞ്ചായത്തിന് 44,674/- രൂപയുടെ നഷ്ടമാണ് 2021-22ൽ ഉണ്ടായിട്ടുള്ളത്. റിസോർട്ടിലെ ആയുർവേദ സുഖ ചികിൽസാ കേന്ദ്രം പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയ ഡാറ്റാ പ്യൂരീഫിക്കേഷനിലൂടെ കൃത്യമാക്കി ഉടമകൾക്ക് ഡിമാൻറ് നോട്ടീസ് നല്കി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:33, തീയതി 23-08-2022 ) നല്കിയ മറുപടിയിൽ സെക്രട്ടറി വ്യക്തമാകിയിട്ടുണ്ട്.

2) 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളുടെ ഭാഗമായി വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 2011 ലെ ടി ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം, വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 16.01.2012 ൽ പഞ്ചായത്ത് പുറപ്പെടുവിച്ച സി12.6603/11 നമ്പർ വിജ്ഞാപന പ്രകാരമാണ് നിലവിൽ പഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നത്.

പന്ത്രണ്ടാം വാർഡിൽ പ്രഥമ മേഖലയിൽ XII/256, XII/257, XII/258 എന്നീ മൂന്ന് കെട്ടിടങ്ങളിൽ പ്രവർത്തനം നടത്തുന്നതിന് വിൽട്ടൺ വീവേഴ്സ് (പ്രൈ) ലിമിറ്റഡ് എന്ന വ്യവസായ സ്ഥാപനം, ലൈസൻസ് പുതുക്കുന്നതിനായി 2021-22 വർഷം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് പഞ്ചായത്ത് സെക്രട്ടറി 10-08-2021 തീയതി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വ്യോമയാന പരവതാനികളുടേയും, വൂൾ ബ്രോഡ്‌ലൂമുകളുടേയും നിർമ്മാതാക്കളായ വിൽട്ടൺ വീവേഴ്സ്

(പ്രൈ) ലിമിറ്റഡിന്റെ വെബ്സൈറ്റിലും ഈ കെട്ടിട (കെട്ടിടനം:XI I/258) നമ്പരിലുള്ള മേൽവിലാസമാണ് നല്കിയിരിക്കുന്നത്.

പഞ്ചായത്തിന്റെ 2021-22 വർഷത്തെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ അസസ്മെന്റ രജിസ്റ്റർ പരിശോധിച്ചതിൽ,അവസാന അസസ്സ്മെൻറ് പ്രകാരം പാർപ്പിടാവശ്യങ്ങൾക്കായുള്ള കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്ന ടി കെട്ടിടം (കെട്ടിടനം:XI I/258) നിലവിൽ വ്യവസായാവശ്യങ്ങള്ള കെട്ടിടമായാണ് പ്രവർത്തിക്കുന്നത് . വസ്തുനികുതി അവസാനമായി അസസ്സ് ചെയ്തതിന് ശേഷം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമത്തിലോ , ഘടനയിലോ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ വസ്തുനികുതിയുടെ വർദ്ധനവിനുള്ള പരിധി ആ കെട്ടിടത്തിന് ബാധകമാകുന്നില്ല എന്നതിനാൽ കെട്ടിടത്തിന് ഘടനാപരമായോ,ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയോ എന്ന കാര്യം പരിശോധിച്ച് ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്.

വസ്തുനികുതിയുടെ പുനർനിർണ്ണയം നടത്താത്ത പക്ഷം വരുമാനത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള നഷ്ടം പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:22 /തീയതി 20-08-2022 ) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം, സ്ഥല പരിശോധന നടത്തി സഞ്ചയ ഡാറ്റാ പ്യൂരീഫിക്കേഷനിലൂടെ മാറ്റി ഡിമാൻഡ് നോട്ടീസ് നൽകുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3) പന്ത്രണ്ടാം വാർഡിൽ പ്രഥമ മേഖലയിൽ XII/256, XII/257, XII/258 എന്നീ മൂന്ന് കെട്ടിടങ്ങളിൽ വൂൾ,ജ്യൂട്ട്, പോളികോട്ടൺ എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള വ്യോമയാന പരവതാനികളുടേയും, വൂൾ ബ്രോഡ്ലൂമുകളുടേയും നിർമ്മാതാക്കളായ വിൽട്ടൺ വീവേഴ്സ് (പ്രൈ) ലിമിറ്റഡ് എന്ന വ്യവസ്സായ സ്ഥാപനത്തിന്റെ 8219ച.മീ തറവിസ്തീർണമുള്ള ഫാക്ടറി കെട്ടിടത്തിന് (കെട്ടിട നം:XII/256), പഞ്ചായത്തിന്റെ 2021-22 വർഷത്തെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ അസസ്മെന്റ രജിസ്റ്റർ പരിശോധിച്ചതിൽ,അവസാന അസസ്സ്മെൻറ് പ്രകാരം പരമ്പരാഗത കൈത്തറി,കയർ പിരി ഷെഡ് പോലുള്ള ചെറുകിട വ്യവസായങ്ങളുടെ കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി അസസ്സ് ചെയ്ത് വസ്തുനികുതി ഈടാക്കിയിരിക്കുന്നു.വസ്തുനികുതി അവസാനമായി അസസ്സ് ചെയ്തതിന് ശേഷം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമത്തിലോ,ഘടനയിലോ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ വസ്തുനികുതിയുടെ വർദ്ധനവിനുള്ള പരിധി ആ കെട്ടിടത്തിന് ബാധകമാകുന്നില്ല എന്നതിനാൽ കെട്ടിടത്തിന് ഘടനാപരമായോ,ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയോ എന്ന കാര്യം പരിശോധിച്ച് ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്. പരമ്പരാഗത കൈത്തറി,കയർ പിരി ഷെഡ് പോലുള്ള ചെറുകിട വ്യവസായങ്ങളുടെ കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി അസസ്സ് ചെയ്ത് വസ്തുനികുതി ഈടാക്കിയതിൻ പ്രകാരം പഞ്ചായത്തിന് വരുമാന നഷ്ടത്തിന് സാധ്യത ഉണ്ട്.

കെട്ടിടത്തിൻറെ ഉപയോഗക്രമത്തിൽ വ്യത്യാസം വരുത്തിയതിലൂടെ ഉണ്ടായ വരുമാന നഷ്ടം പഞ്ചായത്തിൻറെ ശ്രദ്ധയിൽ പെടുത്തുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:22 /തീയതി 20-08-2022 ) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടത്തിൻറെ ഉപയോഗക്രമം (കെട്ടിട നം:XII/256) പരിശോധിച്ച് സഞ്ചയ ഡാറ്റാ പ്യൂരീഫിക്കേഷനിലൂടെ മാറ്റി ഡിമാൻഡ് നോട്ടീസ് നൽകുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-11 വ്യത്യസ്ത-തരം മേൽക്കൂരയുള്ള കെട്ടിടത്തിന് ചട്ട വിരുദ്ധമായി ഇളവ് അനുവദിച്ചു -വരുമാന നഷ്ടം -6891 രൂപാ.

14-01-2011 ലെ സ.ഉ(പി)നമ്പർ 20/2011/തസ്വഭവ ആയി പ്രസിദ്ധീകരിച്ച 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 4 പ്രകാരം ഒരേ തരം മേൽക്കൂരയുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ കുറഞ്ഞ തരം മേൽക്കൂരയുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിന്മേൽ 10 % ഇളവ് അനുവദനീയവും, കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് വർദ്ധനവ്/ ഇളവ് ബാധകവുമല്ല. മേൽക്കൂരയുടെ നിർമ്മിതിയ്ക്ക് ഒന്നിലധികം തരങ്ങൾ ഒരു കെട്ടിടത്തിന് ബാധകമാകുന്ന സംഗതിയിൽ, മേൽ സൂചിപ്പിച്ച ചട്ടങ്ങളെ ഭേദഗതി ചെയ്ത് എസ്.ആർ.ഓ നമ്പർ 180/2013 ആയി പ്രസിദ്ധീകരിച്ച 13-03-2013 ലെ സ.ഉ(പി)നമ്പർ 88/2013/തസ്വഭവ വസ്തുനികുതി ചട്ടങ്ങളിലെ അനുബന്ധമായി കൂട്ടി ചേർത്ത വിശദീകരണ കുറിപ്പ് നം.11 പ്രകാരം, "അപ്രകാരമുള്ള ഏത് തരമാണോ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണത്തിന്റെ പകുതിയിലധികം ഭാഗത്തിന് ബാധകം, ആ തരത്തിന് അടിസ്ഥാനമാക്കി അടിസ്ഥാന വസ്തുനികുതിയിൽ, ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തി കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്."

"പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ, പതിനൊന്നാം വാർഡിൽ പ്രഥമ മേഖലയിൽ ഇ.വി.എം സിനിമാസിന്റെ ഉടമസ്ഥതയിലുള്ള സ്ക്രീൻ-1(കെട്ടിട നമ്പർ: 468B), സ്ക്രീൻ -2 (കെട്ടിട നമ്പർ: 468C), സ്ക്രീൻ -3 (കെട്ടിട നമ്പർ: 468D) എന്നീ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുള്ള 3 സിനിമാ തിയറ്ററുകൾക്ക് യഥാക്രമം 771.11$^{m2}$,554.57$^{m2}$,727.039$^{m2}$ തറവിസ്തീർണ്ണമുണ്ട്. ടി മൂന്ന് തിയറ്ററുകളുടെയും അടിസ്ഥാന വസ്തുനികുതിയിന്മേൽ , 100 % ഉം കുറഞ്ഞതരം മേൽക്കൂരയോട് കൂടിയ കെട്ടിടങ്ങൾക്ക് അനുവദനീയമായ 10 % ഇളവ് നൽകിയാണ് വസ്തു നികുതി ഈടാക്കുന്നത്.

ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം-20/തീ.19/08/22) തുടർന്ന് സ്ഥല പരിശോധന നടത്തി സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ട് (C1/251/22, തീയതി 22.08.2022), പ്രകാരമുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയുടെ നിർമ്മിതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | കോൺക്രീറ്റ് | കുറഞ്ഞതരം മേൽക്കൂര | 10 % ഇളവ് |
|---|---|---|---|
| സ്ക്രീൻ-1 | 51% | 49% | അനുവദനീയമല്ല |
| സ്ക്രീൻ-2 | 42% | 58% | അനുവദനീയം |
| സ്ക്രീൻ-3 | 53% | 47% | അനുവദനീയമല്ല |

സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം , സ്ക്രീൻ-1, സ്ക്രീൻ-3 എന്നീ തിയറ്ററുകളുടെ മേൽക്കൂരയുടെ നിർമ്മിതി പകുതിയിലധികം കോൺക്രീറ്റും, സ്ക്രീൻ-2 തിയറ്ററിന്റേത് പകുതിയിലധികം കുറഞ്ഞ തരം മേൽക്കൂരയുടെ നിർമ്മിതിയുമാണ്. ആയതിനാൽ എസ്.ആർ.ഓ നമ്പർ.180/2013 ആയി പ്രസിദ്ധീകരിച്ച ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ക്രീൻ-1, സ്ക്രീൻ-3 എന്നീ തിയറ്ററുകളുടെ മേൽക്കൂരയുടെ തരം കോൺക്രീറ്റും, സ്ക്രീൻ-2 തിയറ്ററിന്റേത് കുറഞ്ഞ തരം മേൽക്കൂരയുമായി പരിഗണിച്ച് വസ്തുനികുതി ഇടാക്കേണ്ടതാണ്. ഇത് പ്രകാരം ഇടാക്കേണ്ട വസ്തുനികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നികുതി നിർണയിച്ചത് | | | നികുതി നിർണയിക്കേണ്ടത് | | | നഷ്ടം |
|---|---|---|---|---|---|---|---|
| കെട്ടിട നമ്പർ തറവിസ്തീർണ്ണം | സ്ക്രീൻ -1 11/468B 771.11m2 | സ്ക്രീൻ -2 11/468C 554.57m2 | സ്ക്രീൻ -13 11/468D 727.039m2 | സ്ക്രീൻ -1 11/468B 771.11m2 | സ്ക്രീൻ -2 11/468C 554.57m2 | സ്ക്രീൻ -3 11/468D 727.039m2 | |
| അടിസ്ഥാന വസ്തു നികുതി @40 | 30844.4 | 22182.8 | 29081.56 | 30844.4 | 22182.8 | 29081.56 | |
| മേൽക്കൂര ഇളവ് @10% | (-)3084.4 | (-)2218.28 | (-)2908.156 | ഇളവില്ല | (-)2218.28 | ഇളവില്ല | |
| എയർ കണ്ടീഷനിംഗ് വർദ്ധനവ് 10% | (+)3084.4 | (+)2218.28 | (+)2908.156 | (+)3084.4 | (+)2218.28 | (+)2908.15 | |
| വഴി സൗകര്യത്തിനുള്ള വർദ്ധനവ് 20% | (+)6168.88 | (+)4436.56 | (+)5816.3 | (+)6168.8 | (+)4436.56 | (+)5816.3 | |
| നികുതി | 37013 | 26619 | 34897 | 40098 | 26619 | 37806 | |
| ലൈബ്രറി സെസ് 5% | 1851 | 1331 | 1745 | 2005 | 1331 | 1890 | |
| സർവ്വീസ് ചാർജ്ജ് | 3702 | 2662 | 3490 | 4010 | 2662 | 3780 | |
| ആകെ | 42,566 | 30,612 | 40,132 | 46,113 | 30,612 | 43,476 | 6,891 |

ഇത്തരത്തിൽ ഒരേ കെട്ടിടം വ്യത്യസ്ഥമായ മേൽക്കൂരയോട് കൂടി നിർമ്മിയ്ക്കുന്ന സംഗതിയിൽ കുറഞ്ഞ തരം മേൽക്കൂരയ്ക്ക് അനുവദനീയമായ 10% ഇളവ്, പകുതിയിലധികം കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങൾക്കും അനുവദിച്ചതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് 6891/-രൂപയുടെ നഷ്ടമാണ് സംഭവിച്ചത്.

ഈ വിഷയത്തിൽ പഞ്ചായത്തിന്റെ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:30,തീയതി:23/08/2022 ) ഇ.വി.എം സിനിമാസിന്റെ മേൽക്കൂരകളുടെ തരം സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷനിലൂടെ കൃത്യമാക്കി ഉടമസ്ഥർക്ക് ഡിമാൻഡ് നോട്ടീസ് നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

## 1-12 ലൈസൻസ് ഫീസ്,മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത് നിയമാനുസൃതമല്ല വരുമാന നഷ്ടം - 16550/-

1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, 7 ആം ചട്ടത്തിലെ പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.

2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന

ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ PCB/ALP/VCO-470/07 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം മൂലധന നിക്ഷേപം 1376.12 ലക്ഷം (13.76 കോടി) രൂപയാണ്. ടി മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടികII പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം / ലൈസൻസ് നം | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് | നഷ്ടം |
|---|---|---|---|---|
| 1 | വിൽട്ടൺ വീവേഴ്സ് (പ്രൈ) ലിമിറ്റഡ് / 136/2021-22 /C2/1628/2021 | 5,000 | 15,000 | 10,000 |

2) മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത് നിയമാനുസൃതമല്ല

മേൽ സൂചിപ്പിച്ച വിൽട്ടൺ വീവേഴ്സ് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ച പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങളുടെ കുതിര ശക്തിയ്ക്ക് അനുസൃതമായി 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ ചട്ടം 18 പട്ടികIII ന അനുസൃതമായി ഈടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അപേക്ഷ പ്രകാരമുള്ള യന്ത്രത്തിൻറെ കുതിര ശക്തി | ഈടാക്കിയ മോട്ടോർ റണ്ണിംഗ് ഫീസ് | ഈടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് | നഷ്ടം |
|---|---|---|---|---|---|
| 1 | വിൽട്ടൺ വീവേഴ്സ് (പ്രൈ) ലിമിറ്റഡ് | 525 KW (705 HP) | 500 | 7050 | 6550 |

മേൽ സൂചിപ്പിച്ച സ്ഥാപനത്തിൽ നിന്നും അധികമായി ഈടാക്കേണ്ട ലൈസൻസ് ഫീസും,മോട്ടോർ റണ്ണിങ്ഫീസും ഉൾപ്പടെ ആകെ 16,550/- രൂപ അടവാക്കേണ്ടതാണെന്ന് സ്ഥാപനത്തെ പഞ്ചായത്ത് അറിയിച്ചതനുസരിച്ച് എത്രയും പെട്ടന്ന തന്നെ തുക പഞ്ചായത്തിൽ ഒടുക്കാമെന്ന് സ്ഥാപനം അറിയിച്ചതായി ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 09 , തീയതി 16/08/2022 )പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ 2021-22ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല.

എ) ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് ലഭിക്കുന്നതിനായി, ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ഉടമകൾ സമർപ്പിച്ച അപേക്ഷകളിൽ രേഖപ്പെടുത്തിയ ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഇൻഡസ്സ് കൺസ്യൂമർ പ്രൊഡക്ട്സ് | 1&2 | 10 |
| 2 | ജേക്കബ് മോട്ടോർ സൈക്കിൾസ് | 1&2 | 10 |

ബി) താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഒളതല ക്ഷീരോൽപ്പാദക സഹകരണ സംഘം എ ഡി 292 | 1&2 |
| 2 | കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം എ ഡി 288 | 1&2 |

സി) ഗ്രാമപഞ്ചായത്തിലെ രണ്ട് കടത്തുകളിലായി രണ്ട് തൊഴിലാളികൾക്ക് (സാബു ബ്ലാത്തുകരി, പി.എൻ.സുധാകരൻ, പുളിക്കൽ) പ്രതിമാസം 11000/-നിരക്കിൽ കടത്ത് നടത്തുന്നതിനായി പഞ്ചായത്ത് തുക നല്കി വരുന്നു. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല. ഇവരിൽ നിന്ന് പ്രതിവർഷം 1200/-രൂപ തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 ഒന്നാം അർദ്ധ വർഷം മുതൽ തൊഴിൽ നികുതി ഈടാക്കുന്നതിലേക്കായി നോട്ടീസ് നൽകിയിട്ടുള്ളതായി ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം :06 തീയതി 11-08-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഡി ) 2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ കരാർ രജിസ്റ്റർ പ്രകാരമുള്ള പ്രാധാനപ്പെട്ട നാല് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിനെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിനെ (നം:06/തീയതി-11-08-2022) തുടർന്നു ടി കരാറുകാരെ പഞ്ചായത്ത് വിവരം അറിയിക്കുകയും , ഇതേ തുടർന്നു അമർജിത്ത്.സി.എസ് , അരവിന്ദ്.എൻ.എ എന്നീ 2 കരാറുകാർ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കു വരുത്തുകയും, എ.ഉണ്ണികൃഷ്ണൻ.സി.എസ് , സി.എ ബഷീർ എന്നീ മറ്റ് രണ്ട് കരാറുകാർക്ക് തൊഴിൽ നികുതി ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- 7500/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1, | കോർപ്പറേഷൻ ബാങ്ക് , നാഗംകുളങ്ങര, വയലാർ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2, | കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം എ ഡി 288 | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | ഒളതല ക്ഷീരോൽപ്പാദക സഹകരണ സംഘം എ ഡി 292 | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| ആകെ | | | 7500/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:07 ,തീയതി 11/08/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ

സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 വാഹനത്തിന്റെ അറ്റകുറ്റപ്പണി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

2021-22 ലെ പഞ്ചായത്തിലെ ചെലവ് രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് വാഹനത്തിന്റെ (KL-32M 4469)അറ്റകുറ്റപ്പണികൾക്കായി, കാർ വാലി ഓട്ടോ മൊബൈൽ വർക്ക്ഷോപ്പിന് 27,352/- രൂപ തനതു ഫണ്ടിൽ നിന്ന് നല്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഇനം | തുക | വൌച്ചർ നമ്പർ | ചെക്ക് നമ്പർ |
|---|---|---|---|---|
| 26.10.21 | KL-32 M 4469വാഹനത്തിന്റെ അറ്റകുറ്റപ്പണി / കാർ വാലി ഓട്ടോ മൊബൈൽ ബിൽ നമ്പർ 26.10.2021 ലെ സി.വി.സി/166/21-22 | 27,352/- | 22100717 | ചെക്ക് നം: 080639 തീയതി 26.10.2021 |

30/06/2007 ലെ സ.ഉ(എംഎസ്)നം:170/07/തസ്വഭവ ഉത്തരവനുസരിച്ച് അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിത ചിലവ് പതിനായിരം രൂപയ്ക്കു മുകളിലാണെങ്കിൽ ആയത് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷനിലെ അസ്സി.എക്സി എഞ്ചിനിയർ കണകാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം അറ്റകുറ്റപ്പണികൾക്കായി ക്വട്ടേഷൻ ക്ഷണിക്കേണ്ടതുമാണ്.

ക്വട്ടേഷൻ നടപടികൾ പൂർത്തീകരിച്ച് വാഹനത്തിന്റെ അറ്റകുറ്റപ്പണിയ്ക്കും ടയർ മാറിയത്തിനും തുക നൽകിയതിന് (26-10-2021) ശേഷമുള്ള
01-11-2021 തീയതിയാണ് വാഹനത്തിന്റെ 2 ടയറുകൾ മാറ്റുന്നതിന് മാത്രമായി പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷനിലെ അസ്സി.എക്സി.എഞ്ചിനിയർ ഡി3-43/ALP/21 നമ്പർ അനുമതിപത്രം നൽകിയത്.കാർ വാലി ഓട്ടോ മൊബൈൽ വർക്ക്ഷോപ്പിന്റെ 26.10.2021 തീയതിയിലെ 27,352/- രൂപയുടെ ബിൽ പ്രകാരം 9843/- രൂപയാണ് വാഹനത്തിന്റെ 2 ടയറുകൾ മാറ്റുന്നതിന് ചെലവായത് . അറ്റകുറ്റപ്പണി നടത്തിയ വകയിൽ ചെലവഴിച്ച 17,509/- രൂപയുടെ പ്രതീക്ഷിത ചെലവ് സംബന്ധിച്ച് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷനിലെ അസ്സി.എക്സി.എഞ്ചിനിയർ കണക്കാക്കി തയ്യാറാക്കിയ അനുമതി പത്രത്തിന്റെ പകർപ്പ് പരിശോധനക്കായി ഹാജരാകിയിട്ടില്ല.

ടയർ മാറ്റുന്നതിന് മാത്രമാണ് അനുമതി പത്രം ലഭിച്ചതെന്നും , ഔദ്യോഗിക ആവശ്യങ്ങൾക്ക് പഞ്ചായത്ത് വാഹനം അത്യന്താപേക്ഷിതമായ സാഹചര്യത്തിൽ, പി.ഡബ്ല്യു.ഡി മെക്കാനിക്കൽ ഡിവിഷനിലെ അസ്സി.എക്സി എഞ്ചിനിയർ അറ്റകുറ്റപ്പണികളുടെയും ടയർ മാറ്റേണ്ടത്തിന്റെയും പ്രതീഷിത ചെലവ് സംബന്ധിച്ച് വാക്കാലുള്ള നിർദ്ദേശം നല്കിയത്തിന്റെ അടിസ്ഥാനത്തിലുമാണ് വാഹനത്തിന്റെ അറ്റകുറ്റപ്പണി നടത്തിയത് എന്നും , വാഹനം വിട്ടു തരുവാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് തുക കൈമാറിയത് എന്നുമാണ് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/തീയതി 22-08-22) മറുപടി ലഭ്യക്കിയത്. വാഹനങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലനവും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം ചെയ്യേണ്ടതാണ്.

## 1-16 പത്രപരസ്യം -ട്രേഡ് ഡിസ്കൗണ്ട് നേടിയില്ല - അധികം തുക അനുവദിച്ചു

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ (പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2021-22 ൽ പഞ്ചായത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി, അസ്സി:സെക്രട്ടറി, അസ്സി:എഞ്ചിനിയർ എന്നിവർ, നിർവഹണം നടത്തിയ വിവിധ പദ്ധതിയുടെ ടെണ്ടർ, ഇ-ടെണ്ടർ പരസ്യങ്ങൾ വിവിധ തീയതികളിൽ ജനയുഗം, ദേശാഭിമാനി എന്നീ ദിനപത്രങ്ങളിൽ നൽകിയതിന് താഴെ സൂചിപ്പിയ്ക്കുന്ന 26-102021 ലെ 22100709 നമ്പർ വൌച്ചർ പ്രകാരം 16,448/- രൂപ നൽകിയിട്ടുണ്ട്. ജനയുഗം, ദേശാഭിമാനി എന്നീ ദിനപത്രങ്ങളിൽ നിന്നും ലഭ്യമാക്കിയ ബില്ലുകൾ പരിശോധിച്ചതിൽ, ദേശാഭിമാനി ഡിസ്കൗണ്ട് ലഭ്യമാക്കിയതായും ജനയുഗം ദിനപത്രം ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ലെന്നും കാണുന്നു.

04-01-2011 തീയതിയിലെ ജി.ഒ (ആർ.ടി) 1/2011/ പി.ആന്റ്.എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പരസ്യങ്ങൾ പി.ആന്റ്.എ.ആർ.ഡി വകുപ്പ് മുഖേനേ നൽകിയാലും സർക്കാർ സ്ഥാപനം നേരിട്ടു നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണമെന്നാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നമ്പർ / തീയ്യതി | ചെക്ക് നമ്പർ / തീയതി | ബിൽനം./ തീയതി | തുക |
|---|---|---|---|---|
| 1 | 22100709 / | ഡി.സി.ബി | 2021060080 / | 2520 |

| | | | | |
|---|---|---|---|---|
| | | | 18.06.2021<br>ജനയുഗം ദിനപത്രം | |
| | 26-10-2021 | ചെക്ക് നമ്പർ : 080634<br>തീയതി : 26-10-2021 | 2021080829 / 30.08.2021<br>ജനയുഗം ദിനപത്രം | 2520 |
| | | | 2021090586 / 30.09.2021<br>ജനയുഗം ദിനപത്രം | 1848 |
| | | | 2021090587 / 30.09.2021<br>ജനയുഗം ദിനപത്രം | 1848 |
| | | | ആകെ | 8736 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച് നൽകിയത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം: 29 / 23-08-2022) ന് ലഭ്യമാക്കിയ മറുപടിയിൽ ട്രേഡ് ഡിസ്കൗണ്ട് ലഭിക്കുന്നതിയായി ജനയുഗം ദിനപത്രത്തിന് കത്ത് നല്കി , ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പത്രങ്ങളിൽ പരസ്യം നൽകുന്നതിലൂടെ സർക്കാർ ഉത്തരവ് പ്രകാരം പത്ര സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട അർഹമായ ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തുക പഞ്ചായത്തിൽ വരവ് വെച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.തുടർന്നുള്ള വർഷങ്ങളിൽ പരസ്യം നൽകുമ്പോൾ ഡിസ്കൗണ്ട് ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ് സ്സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രൊജക്ട് നം S0008/22

അടങ്കൽ - 440000 /- ( വികസനഫണ്ട് എസ് സി പി )

8157 /- ( തനത് ഫണ്ട് )

അസി.സെക്രട്ടറി നിർവ്വഹണം ചെയ്യുന്ന പട്ടികജാതിയിൽപ്പെട്ട ഡിഗ്രി , പി ജി പ്രൊഫഷണൽ കോഴ്സുകൾ ,കംപ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രൊജക്ട് പ്രകാരം 9 ലാപ്ടോപ്പുകൾ 394159 /- രൂപയ്ക്ക് വാങ്ങി വിതരണം നടത്തിയിട്ടുണ്ട് .ജെം പോർട്ടൽ മുഖേന വിശ്വാസ് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് .

തദ്ദേശസ്വയംഭരണവകുപ്പിന്റെ 20.01.20 ലെ ഉത്തരവ് പ്രകാരം CPRCS മുഖേന വേണം ലാപ്ടോപ്പുകൾ വാങ്ങേണ്ടത്. എന്നാൽ ഉത്തരവിൽ രേഖപ്പെടുത്തിയതിൽ നിന്നും അധികരിച്ചുള്ള വിലയ്ക്കാണ് കംപ്യൂട്ടറുകൾ വാങ്ങിയിട്ടുള്ളത് .ഫയൽ പരിശോധിച്ചതിൽ പ്രൊജക്ട് നടപ്പിലാക്കുന്ന സമയത്ത് സി പി ആർ സി എസ് പോർട്ടലിൽ നിന്നും വാങ്ങാതെ ടെ ണ്ടർ ക്ഷണിക്കുകയാണുണ്ടായത് . ജി ഒ ആർ ടി നം 482/22/എൽ എസ് ജി ഡി തി.28.02.22 പ്രകാരം CPRCS മുഖേന ഉപകരണങ്ങൾ ലഭിക്കാൻ കാലതാമസം ഉണ്ടായാൽ മാത്രം ജെം പോർട്ടലിൽ നിന്നും വാങ്ങുവുന്നതാണെന്ന് സൂചിപ്പിക്കുന്നു എന്നാൽ കംപ്യൂട്ടറുകൾ ജെം പോർട്ടലിൽ നിന്നും ലഭ്യമായ വിലയിൽ വാങ്ങുകയാണുണ്ടായത്. കോ ഓർഡിനേഷൻ കമ്മറ്റിയുടെ 10.02.220 ലെ തീരുമാനപ്രകാരം ഐ റ്റി മിഷൻ വില നിശ്ചയിച്ച് നൽകാത്ത സാഹചര്യത്തിൽ ഗുണനിലവാരമുറപ്പാക്കി ഏറ്റവും കുറഞ്ഞ വിലയ്ക്ക് ജെം ൽ നിന്നും ലാപ്ടോപ്പ് വാങ്ങാൻ നിർദ്ദശിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിൽ 43795 /- രൂപയ്ക്കാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത് . നിശ്ചിത മയത്ത് CPRCS മുഖേന വാങ്ങാതെ ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങളുമായി മുന്നോട്ട് പോയതിനാലാണ് കുടതൽ തുക ഈ വിധത്തിൽ ചെലവഴിക്കേണ്ടി വന്നത് . ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുൻ വർഷങ്ങളിൽ ടെണ്ടർ മുഖേന വാങ്ങിയതിനാൽ തൻവർഷവും ടെണ്ടർ മുഖേനയുള്ള വാങ്ങൽ നടപടികളുമായി മുന്നോട്ട് പോവുകയും സി പി ആർ എസ് നിരക്ക്

പ്രകാരമുള്ള ലാപ്ടോപുകൾ ടെണ്ടർ മുഖേന ലഭിക്കാതെ വരുകയും പ്രൊജക്ട് റിവിഷൻ നടത്തുകയുമാണ് ഉണ്ടായത്. തുടർന്ന് ജെം പോർട്ടലിൽ നിന്നും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിശ്വാസ് കംപ്യൂട്ടേഴ്സിൽ നിന്നും വാങ്ങൽ നടത്തിയത്. ഇപ്രകാരമുള്ള അപാകതകൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാങ്ങലുകൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 കാലിതീറ്റ വിതരണം പദ്ധതി പൂർത്തികരിച്ചില്ല ,തുക തടസ്സപ്പെടുത്തുന്നു

അടങ്കൽ – 312500 ( വികസനഫണ്ട് )

പ്രോജക്ട് നം S0050 / 22

– 312500 ( സംസ്ഥാനാവിഷ്കൃതപരിപാടി )

– 625000 ( ഗുണഭോക്തൃവിഹിതം)

ചെലവ് - , 312500 /- ( ബി ആർ നം. 21060552010100937375 / 07.01.22 )

കന്നുകുട്ടി പരിപാലനം പദ്ധതിയിൽ 50 ഗുണഭോകാതാക്കൾക്കായി 6250 /- രൂപ വീതം ആകെ 312500 /- രൂപ പിൻവലിച്ച് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട് , പദ്ധതി പ്രകാരമുള്ള കാലിതീറ്റ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.പദ്ധതി പൂർത്തികരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് .തുക തടസ്സപ്പെടുത്തുന്നു.

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയായില്ല.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ ഷോബി എന്ന ഗുണഭോക്താവിന് പഠനമുറി നിർമ്മിക്കുന്നതിനായി 2021-22 വർഷം ചുവടെ ചേർക്കുന്ന ബില്ലിൽ നിന്നും 75000 /- രൂപയും 2020-21 വർഷം50000 രൂപയും ഉൾപ്പെടെ 125000 രൂപ നൽകിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

(എ) പ്രോജക്ട് നം. - S0111/22പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(SO)

അടങ്കൽ -വികസന ഫണ്ട് -എസ്.സി.പി - 300000 /-

ചെലവ്- 150000 /-(ബി ആർ നം 21060552011000304080 /13.08.21 )

ഓഡിറ്റ് കാലയളവ് വരെ പ്രസ്തുത ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല . അടിയന്തിരമായി പഠനമുറി നിർമ്മാണം പൂർത്തികരിക്കാനാവശ്യപ്പെട്ട് ടിയാൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് , ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/ 23.08.22) മറുപടി ലഭ്യമാക്കി. നിർമ്മാണം പൂർത്തിയാകാത്തതിനാൽ 21-22 വർഷം നൽകിയ 75000/-രൂപ തടസ്സപ്പെടുത്തുന്നു. പഠനമുറി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 ആർദ്രം പദ്ധതി - അനുബന്ധ സൌകര്യമൊരുക്കൽ - നടപടി ക്രമങ്ങളിലെ അപാകതകൾ

പ്രോജക്ട്നം-80/22

നിർവ്വഹണം -മെഡിക്കൽ ഓഫീസർ

അടങ്കൽ- 100000 ( മെയിന്റനൻസ് ഫണ്ട്)

ചെലവ്- ബിൽ നം 35/7.03.22 , തുക – 96453 /-

1. മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യഗസ്ഥനായി നടപ്പാക്കിയ ആർദ്രം പദ്ധതി - അനുബന്ധ സൌകര്യമൊരുക്കൽ എന്ന പദ്ധതിയുടെ ഭാഗമായി വെയിറ്റിംഗ് ഷെഡ്ഡിൽ കസേരവാങ്ങുന്നതിനായി 96453 - രൂപ ചെലവഴിച്ചിട്ടുണ്ട്.സിഡ്കോയിൽ നിന്നാണ് പ്ലാസ്റ്റിക്ക് കസേരകൾ വാങ്ങിയിട്ടുള്ളത്. 02.12.2016ലെ സ.ഉ.(സാ.ധാ) നം.3299/2016/ത.സ്വ.ഭ.വ പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ജി.ഒ.ആർ.ടി നം.13/2019/എസ്.പി.ഡി തീയതി 02.04.2019 പ്രകാരവും ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധനസാമഗ്രികൾ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട് കൂടാതെ ടി ഉത്തരവ് പ്രകാരം സ്ഥാപനങ്ങൾ തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സാമഗ്രികൾ മാത്രമാണ് നൽകുന്നതെന്ന ഒരു സർട്ടിഫിക്കറ്റ് കൂടി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല .സിഡ്കോ പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ ഉത്പാദിപ്പിക്കുന്നില്ല. അതിനാൽ സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഇനങ്ങൾ ടെണ്ടർ നടപടിക്രമങ്ങളിലൂടെ വാങ്ങേണ്ടതാണ്. എന്നാൽ ഇപ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ സിഡ്കോയിൽ നിന്നും നേരിട്ട് പ്ലാസ്റ്റിക്ക് ഉപകരണങ്ങൾ വാങ്ങുകയാണുണ്ടായത്. ഈ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/10.8.22) മറുപടി ലഭ്യമാക്കിയില്ല.ഇപ്രകാരമുള്ള അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ ചെലവ് തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നീ രേഖകൾ ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് കൈപ്പറ്റ് രേഖകൾ ലഭ്യമാക്കിയെങ്കിലും പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജ.നം., പേര് | ബിൽ റഫ.നം./ പി.എഫ്.എം.എസ് വൌച്ചർ | തുക |
|---|---|---|
| 153/22, സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ വാർഡ്1 | XVFC/2021-22/P/7 | 199980/- |
| 179/22, സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | XVFC/2021-22/P/15 | 536061/- |
| 90/22, വാർഡ് 5,6,14,16സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | XVFC/2021-22/P/3 | 799849/- |

പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം നിരീക്ഷിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. രൂപ 1535890/-ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കിക്കൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അടുക്കളത്തോട്ടം പച്ചക്കറി വിത്ത് വിതരണം അപാകതകൾ

പ്രൊജക്ട് നം 63/22

അടുക്കളത്തോട്ടം പച്ചക്കറി വിത്ത് വിതരണം

അടങ്കൽ - 350000 (വികസനഫണ്ട് )

ചെലവ് - 350000 ( ബി ആർ നം 21060552010000572482 /26.10.21 )

21-22 വർഷം കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി അടുക്കളത്തോട്ടം എന്ന പദ്ധതി നടപ്പാക്കുകയായുണ്ടായി. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും മുഴുവൻ വീടുകളിലും വിത്ത് പാക്കറ്റ്, മെമ്പർമാർ മുഖേന വിതരണം നടത്തുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി 350000 /- രൂപ മാവേലിക്കര അഗ്രിക്കൾച്ചറൽ ഫാം സൂപ്രണ്ടിന് കൈമാറിയിട്ടുണ്ട്. 7000 പായ്ക്കറ്റ് 50 രൂപ പ്രകാരം വാങ്ങി യാണ് വിതരണം നടത്തിയത്.

സ.ഉ കൈ നം 11/2018/തസ്വഭവ തിയിത29.01.2018 പ്രകാരം നെല്ല് ,പച്ചക്കറി വിത്തുകൾ നാമമാത്രയ/ ചെറുകിട കർഷകർ പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ വ്യക്തികൾ എന്നിവർക്ക് നൽകാവുന്നതാന് സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്.കൃഷിഭവൻ ഇക്കോഷോപ്പ് വഴി വിതരണം നടത്തണം .എന്നാൽ പ്രസ്തുത പദ്ധതി നടപ്പാക്കിയതിൽ വിത്തുകൾ എല്ലാ വീട്ടുകൾക്കും നൽകുകയുണ്ടായി. എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വിത്തുകൾ വിതരണം ചെയ്തതെന്ന് വ്യക്തമല്ല. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/20.8.22)മറുപടി ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശത്തിനനസൃതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block പാകുന്നതിനായി അധിക നിരക്ക് നൽകിവരുന്ന

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block പാകുന്നതിനായി അധിക നിരക്ക് നൽകിയത് സംബന്ധിച്ച്
CPWD സ്പെസിഫിക്കേഷൻ 16.91.2 പ്രകാരം 80mm Thick Cc Paver Block പാകുന്നതിനായി 1 M3 ന് 638.95/m2 ഉം കോസ്റ്റ് ഇൻഡക്സ് 48.71 /- ഉൾപ്പെടെ 950.18 /M3 ആണ് അനുവദിക്കാവുന്ന നിരക്ക് എന്നിരിക്കെ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 M3 ന് 1613 രൂപ /- അനുവദിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം ബുക്ക് നമ്പർ | *80mm Thick Cc Paver Block പാകിയ ഏരിയ* | *1613 /M3 നിരക്കിൽ അനുവദിച്ച തുക* | *950.18 /M3 നിരക്കിൽ അനുവദിക്കാവുന്ന തുക* | അധികം |
|---|---|---|---|---|---|
| കല്ലൂർ പോത്തനാട്ട് ടൈൽ റോഡ് നിർമ്മാണം | 148/21-22 | 504 M2 | 812952 | 478890.72 | 334061 |
| കുട്ടത്തി വീട് ചക്കനാട്ട് ടൈൽ റോഡ് നിർമ്മാണം | 154/21-22 | 271.60 | 438091 | 258069 | 180022 |

2.ഗ്രാമഞ്ചായത്തിൽ നടപ്പാക്കുന്ന റോഡ് ടൈൽ വിരിക്കൽ പ്രവൃത്തികൾക്ക് *1613 /M3 നിരക്ക് ആണ്* അനുവദിച്ചിരിക്കുന്നത് . എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തിക്ക് ഒരു M2 ന് 1652 /- രൂപ അനുവദിച്ചിട്ടുണ്ട്

| | | | | | |
|---|---|---|---|---|---|
| ആളാശ്ശേരി കൈതവേലി ടൈൽ റോഡ് നിർമ്മാണം | 152/21-22 | 224 M2 | 370048 | 212840.32 | 157207.68 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/23.09.21) ലഭ്യമാക്കിയ മറുപടിയിൽ സെക്യൂർ എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചത്. മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും സെക്യൂർ സോഫ്റ്റ്വെയർ പ്രകാരം ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത്. നിരക്കുകൾ തമ്മിലുള്ള വൈരുദ്ധ്യം പരിശോധിക്കുന്നതിനായി മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | 00017/22 , വയലാർ പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നും ,ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 700000 /- (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | ബിൽ നം 17/21-22 /2.11.21 ,311364 /- |
| നിർവഹണ ഉദ്യോഗസ്ഥ | പി എച്ച് സി മെഡിക്കൽ ഓഫീസർ |

2021-22വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി വയലാർ പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 311364 /- രൂപ കേരളാസ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് . ഇതിൽ 255198 /- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. അവശേഷിക്കുന്ന 56166 /- രൂപയുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ഹോംകോ-യിൽ നിന്ന് മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നത്

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ചുവടെ ചേർക്കും പ്രകാരമുള്ള 'ഹോമിയോ മരുന്ന് വാങ്ങൽ' പ്രോജക്ടുകളിൽ ഹോംകോ-യിൽ നിന്ന് മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നതായി കാണുന്നു.

| പ്രോജക്റ്റ് നം. | ബിൽ റഫ.നം., തീയതി | ബിൽ പ്രകാരം നല്കിയ തുക | മരുന്ന് ലഭ്യമാകുവാൻ ശേഷിക്കുന്ന തുക |
|---|---|---|---|
| എസ് 0023/22 | 21060552010300826735/22.12.21 | 300000/- | 190635/- |
| എസ് 0022/22 | 21060552010300600580/03.11.21 | 200000/- | 88183/- |

മരുന്നുകൾ ലഭ്യമാകാത്തതിനാൽ 278818/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച്

കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ റിവൈസ്ഡ് എഡിഷൻ 2012 / GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. വയലാർ ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവർത്തികളുടെ കരാറുകാർ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല.

| | | | |
|---|---|---|---|
| പ്രോജക്ട് നം. | : | 174/2022 | 141/2022 |
| പ്രോജക്ടിന്റെ പേര് | : | ആറുകണ്ടം പെരുമ്പാത്ത് റോഡ് വാർഡ്-15 | എസ്.സി.ബി895മഞ്ചാടിത്തറ റോഡ് റീ ടാറിംഗ്, വാർഡ്-9 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.അരവിന്ദ്.എൻ.എ | ശ്രീ.ഉണ്ണിക്കൃഷ്ണൻ.സി.സി |
| എഗ്രീഡ് പി.എ.സി | : | 84561/- രൂപ | 573681/- |
| ചെലവ് | : | 94668/-തനത് ഫണ്ട് | 331784/- BRN.2106055201090055529/25.10.21പ്രകാരം 147598/-& തനത് വിഹിതം 184186/- |
| സെലക്ഷൻ നോട്ടീസ് നം.തീയതി/കൈപ്പറ്റിയ തീയതി | | *AE/LSGD /KKGP/17-18തീ.25.02.2022* | *AE/LSGD/VLR/2019തീ.23.09.2020* |
| സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ എഗ്രിമെന്റിൽ ഏർപ്പെടേണ്ട അവസാന തീയതി. | | *10.03.22* | 05.10.20 |
| എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി (എഗ്രിമെന്റ് നം.) | : | *17.03.22 (19/AE/LSGD/VLR /2021-22തീ.17.03.22)* | *08.10.2020 (16/AE/LSGD/VLR /2020-21തീ.08.10.20)* |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 84561x1% =845/- കുറഞ്ഞ തുകയിലേക്ക് ക്രമപ്പെടുത്തി, 1000/-രൂപ | 573681x1%=5736/- ടിയാളിൽ നിന്ന് 5377/-രൂപ ഈടാക്കിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു. ശേഷിക്കുന്ന 358/-രൂപ ഈടാക്കേണ്ടതുണ്ട്. |

ആകെ കുറവ് വന്ന തുക 1358/-ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 പൊതുമരാമത്ത് പ്രവർത്തികൾ പൊതു അപാകതകൾ

പൊതുമരാമത്ത് പ്രവർത്തി നിർവ്വഹണ-ആസൂത്രണങ്ങളിൽ കാണുന്ന പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു-

എ)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമാകണം:

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ 2021-22 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 02.02.2021തീയതിയിൽ യോഗം കൂടിയിട്ടുള്ളതായി കാണുന്നു, 12.02.2021 തീയതിയിൽ വികസന സെമിനാർ കൂടിയിട്ടുണ്ടെന്നും കാണുന്നു. 12.02.21ന് ശേഷം വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടിയതായി രേഖപ്പെടുത്തലില്ല. 2021-22വർഷം വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ലെന്നും പ്രോജക്ട് മോണിറ്ററിംഗ് നിർവ്വഹിച്ചിട്ടില്ലെന്നുമാണ് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നത്. പദ്ധതി രൂപീകരണ നിർവ്വഹണത്തിൽ മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുന്നത് മുതൽ പദ്ധതികളുടെ മോണിറ്ററിംഗ് വരെയുള്ള ഘട്ടങ്ങളിൽ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാവേണ്ടതാണ് എന്നിരിക്കെയാണ് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനത്തിൽ ഇപ്രകാരം വീഴ്ച

വന്നിട്ടുള്ളത്.

ബി)ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല:

29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാ ക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ ഏത് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരഞ്ഞെടുക്കുന്നത് എന്ന് വ്യക്തമല്ല . വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു.

സി)റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിട്ടില്ല:

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ചീഫ് എഞ്ചിനിയറുടെ 24-9-2014 ലെ DB2/8510 /14നമ്പർ സർക്കുലറും, തദ്ദേശ ഭരണ വകുപ്പിന്റെ 14-10-2014 ലെ 45023/AB2/2014 നമ്പർ സർക്കുലറും പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ടി വിഷയങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ പ്രാരംഭ ദിശയിൽ മാത്രമാണ്.

ഡി)അഞ്ച് വർഷ ഗ്യാരന്റി നടപ്പാക്കിയിട്ടില്ല:

പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 7.13(12) അനുസരിച്ച് ഗുണമേന്മയും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടുകൂടി നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് പറയുന്നു. ഇപ്രകാരം 2021-22 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിൽ ഏതെങ്കിലും റോഡ് 5 വർഷ ഗ്യാരന്റിയോടുകൂടി നിർമ്മിച്ചിട്ടില്ലെന്നാണ് കാണുന്നത്.

ഇ)പൊതുമരാമത്ത് പ്രവൃത്തികളിലെ ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിൽ തുക ഒടുക്കുന്നത് സംബന്ധിച്ച്:

2021-22 സാമ്പത്തിക വർഷം ഇ-ടെണ്ടർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടവാക്കിയ തുകയിൽ നിന്ന് എ.ഇ യുടെ അക്കൌണ്ടിലേക്ക്(എസ്.ബി.ടി ചേർത്തല, അക്കൌണ്ട് നം.38590083742) ലഭിച്ച തുക നിലവിൽ 97835/-നീക്കിയിരിപ്പുണ്ട്. ടി തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവരുത്തേണ്ടതുണ്ട്.

എഫ് )കാലിവീപ്പ-ജി.എസ്.ടി കുറവ് വരുത്തിയത് ഒടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവർത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ പ്രവൃത്തികളിൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും കുറവ് ചെയ്താണ് തുക പിൻവലിച്ചത്. തന്മൂലം ജി.എസ്.ടിയിനത്തിൽ ജി.എസ്.ടി വകുപ്പിലേക്ക് അടക്കേണ്ടിയുരുന്ന നികുതിയും പദ്ധതിപ്പണത്തിൽ തന്നെ നിക്ഷേപിക്കപ്പെടുകയാണ്. കാലിവീപ്പയുടെ ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കിയില്ല നഷ്ടം 44,674/- രൂപ

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളുടെ ഭാഗമായി സ.ഉ(അ)നമ്പർ/19/2011/തസ്വഭവ,തീയതി 14-01-2011 പ്രകാരം, വിവിധ വിഭാഗം കെട്ടിടങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 2011 ലെ ടി ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം, കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ, ഈടാക്കാവുന്ന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 16.01.2012 ൽ പഞ്ചായത്ത് പുറപ്പെടുവിച്ച സി12.6603/11 നമ്പർ വിജ്ഞാപന പ്രകാരമാണ് നിലവിൽ പഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നത്.

കെട്ടിടങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ നിരക്ക്, സർക്കാർ നിശ്ചയിച്ച് പുറപ്പെടുവിച്ച 24-02-2015 ലെ സ.ഉ(അ)നമ്പർ/36/2015/തസ്വഭവ ഉത്തരവിനനുസൃതമായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന റിസോർട്ടുകളിലെ ആയുർവേദ സുഖ ചികിൽസാ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി 16.01.2012 ലെ പഞ്ചായത്ത് വിജ്ഞാപനത്തിൽ ഭേദഗതി വരുത്തിയിട്ടില്ല. ഇത്തരം കെട്ടിടങ്ങളെ നിലവിൽ 'റിസോർട്ട് ' വിഭാഗത്തിൽ തന്നെ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള വസ്തുനികുതിയാണ് ഈടാക്കുന്നത്.

2021-22 ലെ പഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ രണ്ടാം വാർഡിലെ ദ്വിതീയ മേഖലയിൽപ്പെടുന്ന 5 മീറ്ററിലധികം വഴി സൌകര്യമുള്ള, പ്ലുമേറിയ ലേക്ക് റിസോർട്ട് ആൻഡ് സ്പാ എന്ന റിസോർട്ടിലെ ആയുർവേദ സുഖ ചികിൽസാ കേന്ദ്രമായ 'ഉപാസന ആയുർവേദിക് സ്പാ' പ്രവർത്തിക്കുന്ന കെട്ടിടത്തിന് (കെട്ടിട നമ്പർ: 2/511എ) 411.11 ച.മീ തറവിസ്തീർണ്ണമാണുള്ളത്. ടി കെട്ടിടത്തിന് 16.01.2012 ൽ പഞ്ചായത്ത് പുറപ്പെടുവിച്ച സി2.6603/11 നമ്പർ വിജ്ഞാപന പ്രകാരമുള്ള റിസോർട്ടുകൾക്ക് ഇടാക്കുന്ന 90 രൂപാ നിരക്കിലുള്ള വസ്തു നികുതിയാണ് ഈടാക്കുന്നത്. 24-02-2015 ലെ സ.ഉ(അ)നമ്പർ/36/2015/തസ്വഭവ ഉത്തരവ് പ്രകാരം റിസോർട്ടുകളിലെ ആയുർവേദ സുഖ ചികിൽസാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട വസ്തുനികുതിയുടെ കുറഞ്ഞ നിരക്ക് 150 രൂപയായും പരമാവധി നിരക്ക് 160 രൂപയായും സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം നം-20(3)/തീ.19/08/22) തുടർന്ന് ടി കെട്ടിടത്തിന്റെ ഉപയോഗക്രമവും,തറയുടെ തരവും സ്ഥല പരിശോധന നടത്തി ലഭ്യമാക്കിയ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ തറ നിർമ്മിതി ഗ്രാനൈറ്റ് ഉപയോഗിച്ചാണ്. എന്നാൽ 411.11 ച:മീ തറ വിസ്തീർണമുള്ള ടി കെട്ടിടത്തിന്റെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം , 250 $^{M2}$ ൽ അധികം തറ വിസ്തീർണ്ണമുള്ളതും ഗ്രാനൈറ്റ് പോലെയുള്ള മേൽത്തരം വസ്തുകൾ കൊണ്ട് നിർമ്മിച്ച തറയുടെ തരമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിന്മേൽ ,ചട്ടപ്രകാരം ഈടാക്കേണ്ട 15 % വർദ്ധനവ് ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിർണയിച്ചത് | വസ്തുനികുതി നിർണയിക്കേണ്ടത് | നഷ്ടം |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 411.11 $^{M2}$ @90 = 37000.8 | 411.11 $^{M2}$ @150 = 61,667 | |
| മേഖല (ദ്വിതീയം) 10% ഇളവ് | (-)3700.08 | (-)6166.7 | |
| വഴി സൗകര്യത്തിനുള്ള വർദ്ധനവ് 20% | (+) 7400.16 | (+) 12333.4 | |
| തറ നിർമ്മിതി 15 % വർദ്ധനവ് | ---- | (+)9250. | |
| എയർ കണ്ടീഷനിംഗ് വർദ്ധനവ് 10% | (+) 3700.08 | (+)6166.7 | |
| നികുതി | 44402 | 83,250 | 38,848/- |
| ലൈബ്രറി സെസ് | (+)2221 | (+)4163 | 1942/- |
| സർവ്വീസ് ചാർജ്ജ് | (+)4441 | (+)8325 | 3884/- |
| ആകെ | 51,064/- | 95,738 /- | 44,674/- |

ഇത്തരത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസൃതമായി സഞ്ചയ പ്യൂരിഫിക്കേഷൻ നടത്തി അടിസ്ഥാന വസ്തു നികുതി നിരക്കിൽ മാറ്റം വരുത്താത്തതിനാലും, ഗ്രാനൈറ്റ് പോലെയുള്ള മേൽത്തരം വസ്തുകൾ കെട്ടിടങ്ങളുടെ തറ നിർമ്മിതിയ്ക്കായി ഉപയോഗിയ്ക്കുമ്പോൾ വസ്തുനികുതിയിന്മേലുള്ള 15% വർദ്ധനവ് ഈടാക്കാത്തതിനാലും ഈയിനത്തിൽ പഞ്ചായത്തിന് 44,674/- രൂപയുടെ നഷ്ടമാണ് 2021-22ൽ ഉണ്ടായിട്ടുള്ളത്. റിസോർട്ടിലെ ആയുർവേദ സുഖ ചികിൽസാ കേന്ദ്രം പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷനിലൂടെ കൃത്യമാക്കി ഉടമകൾക്ക് ഡിമാൻറ് നോട്ടീസ് നല്കി തുടർ നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:33, തീയതി ) നല്കിയ മറുപടിയിൽ സെക്രട്ടറി വ്യക്തമാകിയിട്ടുണ്ട്.

## 2-2 വ്യത്യസ്ത തരം മേൽക്കൂരയുള്ള കെട്ടിടത്തിന് ചട്ട വിരുദ്ധമായി ഇളവ് അനുവദിച്ചു -വരുമാന നഷ്ടം -6891 രൂപാ.

14-01-2011 ലെ സ.ഉ(പി)നമ്പർ 20/2011/തസ്വഭവ ആയി പ്രസിദ്ധീകരിച്ച 2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 4 പ്രകാരം ഒരേ തരം മേൽക്കൂരയുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ കുറഞ്ഞ തരം മേൽക്കൂരയുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിന്മേൽ 10 % ഇളവ്

ബാധകമാണ് അനവദനീയവും കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് വർദ്ധനവ്/ ഇളവ് ബാധകമല്ല. മേൽക്കൂരയുടെ നിർമ്മിതിയ്ക്ക് ഒന്നിലധികം തരങ്ങൾ ഒരു കെട്ടിടത്തിന് ബാധകമാക്കുന്ന സംഗതിയിൽ,ടി ചട്ടങ്ങളെ ഭേദഗതി ചെയ്ത്,എസ്.ആർ.ഓ നമ്പർ 180/2013 ആയി പ്രസിദ്ധീകരിച്ച 13-03-2013 ലെ സ.ഉ(പി)നമ്പർ 88/2013/തസ്വഭവ ചട്ടങ്ങളുടെ അനുബന്ധമായി കൂട്ടി ചേർത്ത വിശദീകരണ കുറിപ്പ് നം.11പ്രകാരം, അപ്രകാരമുള്ള ഏത് തരമാണോ കെട്ടിടത്തിൻറെ ആകെ തറ വിസ്തീർണ്ണത്തിൻറെ പകുതിയിലധികം ഭാഗത്തിന് ബാധകം, ആ തരത്തിന് അടിസ്ഥാനമാക്കി അടിസ്ഥാന വസ്തുനികുതിയിൽ, ഇളവ് അല്ലെങ്കിൽ വർദ്ധനവ് വരുത്തി കെട്ടിടത്തിൻറെ വാർഷിക വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

പഞ്ചായത്തിൻറെ സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ, പതിനൊന്നാം വാർഡിൽ പ്രഥമ മേഖലയിൽ ഇ.വി.എം സിനിമാസിന്റെ ഉടമസ്ഥതയിലുള്ള സ്ക്രീൻ-1(കെട്ടിട നമ്പർ: 468B), സ്ക്രീൻ -2 (കെട്ടിട നമ്പർ: 468C), സ്ക്രീൻ -3 (കെട്ടിട നമ്പർ: 468D) എന്നീ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുള്ള മൂ സിനിമാ തിയറ്ററുകൾക്ക് യഥാക്രമം 771.11m2,554.57m2,727.039m2 തറവിസ്തീർണ്ണമുണ്ട്. ടി മൂന്ന് തിയറ്ററുകളുടെയും അടിസ്ഥാന വസ്തുനികുതിയിന്മേൽ , 100 % ഉം കുറഞ്ഞതരം മേൽക്കൂരയോട് കൂടിയ കെട്ടിടങ്ങൾക്ക് അനുവദനീയമായ 10 % ഇളവ് നൽകിയാണ് വസ്തു നികുതി ഈടാക്കുന്നത്.

ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചതിനെ (ഓഡിറ്റ് അന്വേഷണം-20(3)/തീ.00/08/22) തുടർന്ന് സ്ഥല പരിശോധന നടത്തി സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ട് (C1/251/22, തീയതി 22.08.2022), പ്രകാരമുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയുടെ നിർമ്മിതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | കോൺക്രീറ്റ് | കുറഞ്ഞതരം മേൽക്കൂര | 10 % ഇളവ് |
|---|---|---|---|
| സ്ക്രീൻ-1 | 51% | 49% | അനുവദനീയമല്ല |
| സ്ക്രീൻ-2 | 42% | 58% | അനുവദനീയം |
| സ്ക്രീൻ-3 | 53% | 47% | അനുവദനീയമല്ല |

സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം , സ്ക്രീൻ-1, സ്ക്രീൻ-3 എന്നീ തിയറ്ററുകളുടെ മേൽക്കൂരയുടെ നിർമ്മിതി പകുതിയിലധികം കോൺക്രീറ്റും, സ്ക്രീൻ-2 തിയറ്ററിന്റേത് പകുതിയിലധികം കുറഞ്ഞ തരം മേൽക്കൂരയുടെ നിർമ്മിതിയുമാണ്. ആയതിനാൽ എസ്.ആർ.ഓ നമ്പർ 180/ 2013 ആയി പ്രസിദ്ധീകരിച്ച ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ക്രീൻ-1, സ്ക്രീൻ-3 എന്നീ തിയറ്ററുകളുടെ മേൽക്കൂരയുടെ തരം കോൺക്രീറ്റും സ്ക്രീൻ-2 തിയറ്ററിന്റേത് കുറഞ്ഞ തരം മേൽക്കൂരയുമായി പരിഗണിച്ച് വസ്തുനികുതി ഇടാക്കേണ്ടതാണ്. ഇത് പ്രകാരം ഇടാക്കേണ്ട വസ്തുനികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നികുതി നിർണയിച്ചത് | | | നികുതി നിർണയിക്കേണ്ടത് | | | നഷ്ടം |
|---|---|---|---|---|---|---|---|
| കെട്ടിട നമ്പർ<br>തറവിസ്തീർണ്ണം | സ്ക്രീൻ -1<br>11/468B<br>771.11$^{m2}$ | സ്ക്രീൻ -2<br>11/468C<br>554.57$^{m2}$ | സ്ക്രീൻ -13<br>11/468D<br>727.039$^{m2}$ | സ്ക്രീൻ -1<br>11/468B<br>771.11$^{m2}$ | സ്ക്രീൻ -2<br>11/468C<br>554.57$^{m2}$ | സ്ക്രീൻ -3<br>11/468D<br>727.039$^{m2}$ | |
| അടിസ്ഥാന വസ്തു നികുതി @40 | 30844.4 | 22182.8 | 29081.56 | 30844.4 | 22182.8 | 29081.56 | |
| മേൽക്കൂര ഇളവ് @10% | (-)3084.4 | (-)2218.28 | (-)2908.156 | ഇളവില്ല | (-)2218.28 | ഇളവില്ല | |
| എയർ കണ്ടീഷനിംഗ് വർദ്ധനവ് 10% | (+)3084.4 | (+)2218.28 | (+)2908.156 | (+)3084.4 | (+)2218.28 | (+)2908.15 | |
| വഴി സൗകര്യത്തിനുള്ള വർദ്ധനവ് 20% | (+) 6168.88 | (+) 4436.56 | (+) 5816.3 | (+) 6168.8 | (+) 4436.56 | (+) 5816.3 | |
| നികുതി | 37013 | 26619 | 34897 | 40098 | 26619 | 37806 | |
| ലൈബ്രറി സെസ് 5% | 1851 | 1331 | 1745 | 2005 | 1331 | 1890 | |
| സർവ്വീസ് ചാർജ്ജ് | 3702 | 2662 | 3490 | 4010 | 2662 | 3780 | |
| ആകെ | 42,566 | 30,612 | 40,132 | 46113 | 30612 | 43476 | 6891 |

ഇത്തരത്തിൽ ഒരേ കെട്ടിടം വ്യത്യസ്ഥമായ മേൽക്കൂരയോട് കൂടി നിർമ്മിയ്ക്കുന്ന സംഗതിയിൽ കുറഞ്ഞ തരം മേൽകൂരയ്ക്ക് അനുവദനീയമായ 10% ഇളവ്, പകുതിയിലധികം കോൺക്രീറ്റ് മേൽകൂരയുള്ള കെട്ടിടങ്ങൾക്കും അനുവദിച്ചതിനാൽ

വസ്തുനികുതി ഇനത്തിൽ പഞ്ചയാത്തിന് 6891/-രൂപയുടെ നഷ്ടമാണ് സംഭവിച്ചത്.

ഈ വിഷയത്തിൽ പഞ്ചായത്തിൻറെ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:30, തീയതി ) ഇ.വി.എം സിനിമാസിന്റെ മേൽക്കൂരകളുടെ തരം സഞ്ചയ ഡാറ്റാ പ്യൂരീഫിക്കേഷനിലൂടെ കൃത്യമാക്കി ഉടമസ്ഥർക്ക് ഡിമാൻഡ് നോട്ടീസ് നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

## 2-3 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല വരുമാന നഷ്ടം 7500

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1, | കോർപ്പറേഷൻ ബാങ്ക് , നാഗംക്കുളങ്ങര, വയലാർ | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2, | കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം എ ഡി 288 | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | ഒളതല ക്ഷീരോൽപ്പാദക സഹകരണ സംഘം എ ഡി 292 | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| ആകെ | | | 7500/- |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:07 ,തീയതി 11/08/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് . ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 ലൈസൻസ് ഫീസ്,മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല -വരുമാന നഷ്ടം- 16550/-രൂപാ.

1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, 7 ആം ചട്ടത്തിലെ പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.

2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ PCB/ALP/VCO-470/07 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം മൂലധന നിക്ഷേപം 1376.12 ലക്ഷം (13.76 കോടി) രൂപയാണ്. ടി മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടികII പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം / ലൈസൻസ് നം | ഈടാക്കിയ ലൈസൻസ് ഫീസ് | ഇടാക്കേണ്ട ലൈസൻസ് ഫീസ് | നഷ്ടം |
|---|---|---|---|---|
| 1 | വിൽട്ടൺ വീവേഴ്സ് (പ്രൈ) ലിമിറ്റഡ് / 136/2021-22 /C2/1628/2021 | 5,000 | 15,000 | 10,000 |

2) മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത് നിയമാനുസൃതമല്ല

മേൽ സൂചിപ്പിച്ച വിൽട്ടൺ വീവേഴ്സ് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ച പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങളുടെ കുതിര ശക്തിയ്ക്ക് അനുസൃതമായി 1996 ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ ചട്ടം 18 പട്ടികIII ന അനുസൃതമായി ഇടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അപേക്ഷ പ്രകാരമുള്ള യന്ത്രത്തിൻറെ കുതിര ശക്തി | ഈടാക്കിയ മോട്ടോർ റണ്ണിംഗ് ഫീസ് | ഇടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് | നഷ്ടം |
|---|---|---|---|---|---|
| 1 | വിൽട്ടൺ വീവേഴ്സ് (പ്രൈ) ലിമിറ്റഡ് | 525 KW (705 HP) | 500 | 7050 | 6550 |

മേൽ സൂചിപ്പിച്ച സ്ഥാപനത്തിൽ നിന്നും അധികമായി ഇടാക്കേണ്ട ലൈസൻസ് ഫീസും,മോട്ടോർ റണ്ണിങ്ഫീസും ഉൾപ്പടെ ആകെ 16,550/- രൂപ അടവാക്കേണ്ടതാണെന്ന് സ്ഥാപനത്തെ പഞ്ചായത്ത് അറിയിച്ചതനുസരിച്ച് എത്രയും പെട്ടന്ന തന്നെ തുക പഞ്ചായത്തിൽ ഒടുക്കാമെന്ന് സ്ഥാപനം അറിയിച്ചതായി ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 09 , തീയതി 16/08/2022 )പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 150000 | അഗതി രഹിത കേരളം | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 279765 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 279765 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 225000 | ലൈഫ് മിഷൻ ഭൂമി(എസ്.ടി) | 225000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ലൈഫ് മിഷൻ ഭൂമി(ജന.) | 200000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 600000 | ഇരട്ടവീട് ഒറ്റവീടാക്കൽ(എസ്.സി) | 600000 | 80000 |
| ജില്ലാപഞ്ചായത്ത് | 2020-21 | 1474408 | ലൈഫ് ഭവനം | 1474408 | 454408 |
| ജില്ലാപഞ്ചായത്ത് | 2021-22 | 100000 | അഗതി രഹിത കേരളം | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 149535 | ശാരീരിക മാനസിക വെല്ലുവിളി | 149535 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ജില്ലാപഞ്ചായത്ത് | 2021-22 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 1093899 | ആർദ്രം പദ്ധതി വിഹിതം | 1093899 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം. തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോജ.നം.90/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22101036/6.12.21 | 799849 | 0 | 799849 |
| കെ.എസ്.ഇ.ബി | പ്രോജ.നം.153/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22101039/24.12.21 | 199980 | 0 | 199980 |
| കെ.എസ്.ഇ.ബി | പ്രോജ.നം.179/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22101336/26.03.21 | 536061 | 0 | 536061 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻ വർഷം വായ്പ വരവ് ഇല്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം ലൈഫ് | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | - | - | 43013514 | 3960000 | | 39053514 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം ലഭിച്ച 4940/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രസീത് നമ്പർ | തീയതി |
|---|---|---|---|---|---|
| 2019-20 | 1(21) | 4940 | ആഭ, അസി.എഞ്ചിനീയർ | 903948100021 | 17/11/2021 |
| | | 4940 | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

-ഇല്ല-

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 61117594 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64219800 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 75,615/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2258374 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-10 | 44,674/- | | ശ്രീമതി.ലത.എ.മേനോൻ, സെക്രട്ടറി |
| 1-11 | 6891/- | | ശ്രീമതി.ലത.എ.മേനോൻ,സെക്രട്ടറി |
| 1-12 | 16550/- | | ശ്രീമതി.ലത.എ.മേനോൻ,സെക്രട്ടറി |
| 1-14 | 7500/- | | ശ്രീമതി.ലത.എ.മേനോൻ,സെക്രട്ടറി |
| ആകെ | 75,615/- | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 312500 | ഡോ.ഹേമ ട്രീസ മാത്യു, വെറ്റിനറി സർജ്ജൻ |
| 1-19 | 75000 | ഷിജി രാജൻ. ടി.ആർ, അസി.സെക്രട്ടറി |
| 1-21 | 1535890 | ശ്രീമതി.ലത.എ.മേനോൻ,സെക്രട്ടറി |
| 1-24 | 56166 | ഡോ.ജിൻസാ മാത്യു, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-25 | 278818 | ഡോ.ശ്രീദേവി.ജി.ആർ, മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| | | (ഹോമിയോ) |
| ആകെ | 2258374 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ലത.എ.മേനോൻ, സെക്രട്ടറി | സെക്രട്ടറി, വയലാർ ഗ്രാമപഞ്ചായത്ത് | ലത നിവാസ്, പട്ടണക്കാട് പി.ഒ, ചേർത്തല |
| ശ്രീമതി.ഡോ.ഹേമ ട്രീസ മാത്യു, വെറ്റിനറി സർജ്ജൻ | വെറ്റിനറി സർജ്ജൻ, വയലാർ ഗ്രാമപഞ്ചായത്ത് | ചാവടിയിൽ, കൊമ്മാടി.പി.ഒ, ആലപ്പുഴ |
| ശ്രീമതി.ഷിജി രാജൻ. ടി.ആർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, വയലാർ ഗ്രാമപഞ്ചായത്ത് | രേവതി, കാഞ്ഞിരനിന്ന, കണ്ണറവിള, നെല്ലിമൂട് പി.ഒ, തിരുവനന്തപുരം-695524 |
| ഡോ.ജിൻസാ മാത്യു, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) വയലാർ ഗ്രാമപഞ്ചായത്ത് | എലക്കാട്ടിൽ, തിരുവാണിയൂർ.പി.ഒ, എറണാകുളം |
| ഡോ.ശ്രീദേവി.ജി.ആർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) വയലാർ ഗ്രാമപഞ്ചായത്ത് | ശിവശ്രീ, തളിയിൽ, കരമന, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2001-02 | |
| 2002-03 | |
| 2003-04 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എ.പി.4-605/2011/28.11.11/3.12.11 |
| 2008-09 | എൽ.എഫ്.എ.പി.4-606/2011/30.11.11/3.12.11 |
| 2009-10 | എൽ.എഫ്.എ.പി.8-503/2012/17.07.12/10.08.12 |
| 2010-11, | എൽ.എഫ്.എ.പി.8-112/2013/8.04.13/25.06.13 |

| | |
|---|---|
| 2011-12 | |
| 2012-13 | എൽ.എഫ്.എ.പി.8-996/2014/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എ.പി.ഇസഡ്-പി8-1071/2015/04.09.15/5.10.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി.2-774/2016/11.07.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി2-1460/16/14.12.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി2-1173/2017/18.09.2017 |
| 2017-18 | നം.കെ.എസ്.എ/എ.എൽ.പി/പി2-1620/2018/12-12-18 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി2-399/2020/11.6.20 |
| 2019-20 | നം.കെ.എസ്.എ/എ.എൽ.പി/പി2-741/2021/24/09/2021 |
| 2020-21 | നം.കെ.എസ്.എ/എ.എൽ.പി/പി2-742/2021/24/09/2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്